# സമീപസ്ഥനായ ദൈവം

## സങ്കീർത്തനം 71:12

**"ദൈവമേ, എന്നിൽ നിന്ന് അകന്നിരിക്കരുതേ; എന്റെ ദൈവമേ എന്നെ തുണയ്ക്കുവാൻ വേഗം വരണമേ."**

സങ്കീർത്തനം 70 ന്റെ ഒരു തുടർച്ചയെന്നോണം ദാവീദിന്റെ ഒരു പ്രാർത്ഥനയായി തന്നെ കണക്കാക്കാവുന്ന ഒരു സങ്കീർത്തനമാണിത്. ഇവിടെ തന്റെ അമ്മയുടെ ഗർഭം മുതൽ, താൻ ഈ ലോകത്തിലേക്ക് ജനിച്ചു വീണതിനു ശേഷവും, തന്റെ ബാല്യം മുതൽ, ഇന്ന് ആയിരിക്കുന്ന ഈ അനുഭവം വരെയും ദൈവമാണ് തന്റെ ജീവിതത്തിലെ ഏതൊരവസ്തയ്ക്കും കാരണഭൂതൻ എന്നും; ആയതിനാൽ, അവൻ, തന്നെ അന്ത്യത്തോളം പരിപാലിക്കുവാൻ മതിയായവനാണെന്നുമുള്ള ഒരുറപ്പ്, ദാവീദിനു, തന്റെ ശരണമായ ദൈവത്തിൽ ഇന്നുമുണ്ട് എന്ന് നമുക്ക് കാണാൻ കഴിയും. ഏതൊരവസ്ഥയിലും തന്നെ കൈവിടാതെ, തന്റെ മുമ്പിൽ അണിയണിയായി നിരന്നു പൊങ്ങി വന്ന പ്രശ്നങ്ങളുടെയും, പ്രതിസന്ധികളുടെയും, ശത്രുഭയത്തിന്റെയും മദ്ധ്യത്തിൽ, തനിക്കു അഭയസ്ഥാനവും, കോട്ടയും, ഉറപ്പുള്ള പാറയും, ഉന്നതഗോപുരവും ഈ നല്ലവനായ ദൈവമായിരുന്നു എന്ന് ദാവീദ് പ്രഖ്യാപിക്കുകയാണ്.

എന്നാൽ വാക്യം 12 ൽ എന്തുകൊണ്ടായിരിക്കും ദാവീദ് ഇപ്രകാരം പറഞ്ഞിട്ടുണ്ടാവുക എന്ന് നാം ചിന്തിച്ചു നോക്കിയിട്ടുണ്ടോ? പ്രിയരേ, നാമെല്ലാവരും മനുഷ്യജന്മങ്ങളാണ്. അത് ദൈവത്തിന്റെ സ്നേഹത്താൽ നിർമ്മിക്കപ്പെട്ട്, ദൈവനിയന്ത്രണത്തിൽ ജീവിക്കുന്ന അല്ലെങ്കിൽ ജീവിക്കേണ്ടുന്നവരാണ് നാം. പക്ഷെ പലപ്പോഴും നാം നമ്മുടെ ഇച്ഛകൾക്കും, ഇംഗിതങ്ങൾക്കും അനുസരിച്ച്, നമ്മുടെ ജീവിത രീതികളെയും പ്രവൃത്തികളെയും ക്രമപ്പെടുത്തി മുന്നോട്ട് പോകുകയും, അതിന്റെ നടുവിൽ അടിതെറ്റി വീഴുമ്പോൾ പിന്തിരിഞ്ഞ് നോക്കുകയും ചെയ്യും. അവിടെ നാം അന്വേഷിക്കുകയും, മനസ്സിലാക്കുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യമുണ്ട്, ഈ ദൈവത്തിൽ നിന്ന് ഞാൻ എത്ര ദൂരം അകലെയായിരിക്കുന്നു എന്ന്. അന്ന് ഒരു പക്ഷെ നാമും ചിലപ്പോൾ ദാവീദിനെപ്പോലെ വാവിട്ട് കരഞ്ഞെന്ന് വരാം, നിലവിളിച്ച് ഇപ്രകാരം പറഞ്ഞെന്ന് വരാം, ദൈവമേ എന്നിൽ നിന്ന് അകന്നിരിക്കരുതേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ എന്ന്. വാസ്തവത്തിൽ നാമല്ലേ ദൈവത്തിൽ നിന്ന് അകന്നു പോയത്. എന്നാൽ ദൈവം അന്നും ഇന്നും എന്നും നമുക്ക് സമീപസ്ഥൻ തന്നെയാണ്. അവനെ അറിയുകയും അന്വേഷിക്കുകയും ചെയ്യുന്നവരുടെ കൂടെ എന്നും വസിക്കുന്നവനാണവൻ. എന്നാൽ പലപ്പോഴും നമ്മുടെ

കുറവുകൾകൊണ്ട് ഈ ദൈവത്തിന്റെ സാമീപ്യം അനുഭവിച്ചറിയാൻ സാധിക്കാതെ പോവുന്നു. അപ്പോഴാണ് നാം കിടന്ന് അയ്യം വിളിക്കുന്നത്.

ഈ സങ്കീർത്തനം തുടർന്നു പോകുമ്പോൾ, ദൈവത്തിന്റെ സാമീപ്യത്തിനായിട്ടും ദൈവ സഹായത്തിനായിട്ടും ആഗ്രഹിച്ച ദാവീദ്, ജീവിതത്തിൽ ഈ ദൈവം നടത്തിയ വിധങ്ങളെ ഓർത്ത് അവനെ സ്തുതിക്കുന്നതായി കാണാം. അവസാന വാക്കുകളിൽ അവൻ പറയുന്നു, 'ഞാൻ അങ്ങേയ്ക്ക് സ്തുതി പാടുമ്പോൾ എന്റെ അധരങ്ങളും അങ്ങു വീണ്ടെടുത്ത എന്റെ പ്രാണനും സന്തോഷിച്ചാനന്ദിക്കും. എന്റെ നാവ് അവിടുത്തെ നീതിയുള്ള പ്രവൃത്തികളെ നിരന്തരം വർണ്ണിക്കും; എന്തെന്നാൽ എന്നെ ദ്രോഹിക്കുവാൻ ആഗ്രഹിച്ചവർ ലജ്ജിതരും പരിഭ്രാന്തരുമായിത്തീർന്നുവല്ലോ.' പ്രിയരേ, ദാവീദിന്റെ ജീവിതം ആദ്യം മുതൽ ഒടുക്കം വരെ എപ്രകാരമായിരുന്നു എന്ന് നമുക്കറിയാം. അവൻ കടന്നു പോയ സാഹചര്യങ്ങൾ, അവിടെയെല്ലാം ദൈവം അവനെ നടത്തിയ വിധങ്ങൾ, അതിനെല്ലാം മറുപടിയായി ഈ നല്ലവനായ ദൈവത്തിൽ തന്റെ പൂർണ്ണാശ്രയം വെച്ചവനായ ദാവീദ്, അതിലൂടെ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നുള്ള വിളിക്ക് യോഗ്യനാകുകയും ചെയ്തു. ഇന്ന് നാം ആയിരിക്കുന്ന ഏതൊരവസ്ഥയിലും, അതിനു കാരണഭൂതൻ ഈ ദൈവമാണെന്നും, അത് അവന് എന്നെക്കുറിച്ചുള്ള പദ്ധതിയുടെ ഭാഗമാണെന്നും, അതിന്റെയെല്ലാം മദ്ധ്യത്തിലും എന്നെ മുന്നോട്ട് നടത്തുവാൻ അവൻ മതിയായവനണെന്നും, ഈ ദൈവം എന്നെ വിട്ടകന്നിരിക്കാതെ എന്നും എനിക്ക് സമീപസ്ഥനാണെന്നുമുള്ള ഒരു അടിയുറച്ച വിശ്വാസം നമുക്കുണ്ടോ? എങ്കിൽ ദാവീദിനെപ്പോലെ ഈ നല്ലവനായ ദൈവത്തെ വിട്ടുപിരിയാതെ പിന്തുടരാം. അവൻ നമ്മെ തന്റെ ഹൃദയപ്രകാരമുള്ള മനുഷ്യരാക്കി തീർക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

സങ്കീർത്തനം 34:18

ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു

ബ്രദർ. ബിനു ബേബി ആലപ്പുഴ 157